107 (2293) മൃഗസംരക്ഷണ വകുപ്പിലെ ആഡിറ്റ് വിഭാഗം

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ജില്ലാ ആഫീസുകളിൽ ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലാ ഓഫീസുകളിലെ ആഡിറ്റ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇത് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ പരിശോധിച്ച് വരികയാണ്.

108 (2294) മിൽമയെ സംബന്ധിച്ച ആരോപണം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിരവധി ആരോപണങ്ങൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിൽമയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി കൈക്കൊണ്ടു; അല്ലെങ്കിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(എഫ്) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) മാധ്യമങ്ങളിൽ തുടർച്ചയായി വന്ന പരാതികളെ സംബന്ധിച്ചാണ് പ്രധാനമായും വിജിലൻസ് അന്വേഷണം ആരംഭിച്ചത്.

(ഡി) ഉണ്ട്.

(ഇ) കേരള സഹകരണ ചട്ടങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(എഫ്) 'ഹാരിസൺസ് ഡയറി' എന്ന സ്വകാര്യസ്ഥാപനവുമായി നടത്തിയ വ്യാപാരത്തിൽ നന്ദിയോട് ക്ഷീരോൽപ്പാദക സഹകരണസംഘത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly